No: CEE/3737/2012/KEAM-2013/TA.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## <u>പത്രക്കുറിപ്പ്</u>

## MBBS/BDS അലോട്ട്മെന്റ്
## NEET (UG) റാങ്ക് ലിസ്റ്റ് 2013 ന്റെ അടിസ്ഥാനത്തിൽ

കേരളത്തിലെ വിവിധ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ MBBS/BDS കോഴ്സുകളിലേക്ക് പ്രവേശനത്തിനായി CBSE പ്രസിദ്ധീകരിച്ച NEET (UG) 2013 റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ യോഗ്യരായ വിദ്യാർത്ഥികളുടെ മുൻഗണനാ ലിസ്റ്റ് പ്രവേശന പരിക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത മുൻഗണനാ ലിസ്റ്റിൽ വിദ്യാർത്ഥികളുടെ മുൻഗണനാ നമ്പരും NEET (UG) യുടെ റാങ്ക് നമ്പരും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം പ്രസിദ്ധീകരിച്ച മുൻഗണനാ നമ്പർ പുതുക്കിയ NEET (UG) റാങ്ക് നമ്പർ അല്ല. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച മുൻഗണനാ ലിസ്റ്റിലെ നമ്പർ, യോഗ്യരായ വിദ്യാർത്ഥികളെ അപേക്ഷയുടെ സൂക്ഷ്മ പരിശോധനയിലൂടെ കണ്ടെത്തിയപ്പോൾ NEET (UG) റാങ്കിന്റെ അടിസ്ഥാനത്തിൽ നൽകിയ മുൻഗണനാ സ്ഥാന സംഖ്യയെയാണ് സൂചിപ്പിക്കുന്നത്. MBBS/BDS പ്രവേശനത്തിനുള്ള അലോട്ട്മെന്റിനായി NEET (UG) റാങ്ക് നമ്പർ മാത്രമേ പരിഗണിച്ചിട്ടുള്ളൂ. ഓരോ അലോട്ട്മെന്റിന് ശേഷവും പ്രസിദ്ധീകരിക്കുന്ന ലാസ്റ്റ് റാങ്ക് പട്ടികയിലും NEET (UG) 2013 റാങ്കാണ് സൂചിപ്പിക്കുന്നത്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
01.08.2013